Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. 1909/E1/2021/കെ ഡബ്ല്യൂ എ

തീയതി: 26.02.2021

**<u>സർക്കുലർ</u>**

വിഷയം:- കേരള വാട്ടർ അതോറിറ്റി - വിജിലൻസ് വകുപ്പിന്റെ നിർദ്ദേശം കർശനമായി നടപ്പാക്കുന്നത് സംബന്ധിച്ച്.

സൂചന :- സർക്കുലർ നമ്പർ. വിജി - ഇ3/237/2020-വിജി, തീയതി 02/12/2020

സൂചനയിലെ സർക്കുലറിൽ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന നടപടികൾ അതോറിറ്റിയിലെ എല്ലാ ഓഫീസുകളിലും കർശനമായി നടപ്പാക്കേണ്ടതാണെന്ന് ഇതിനാൽ നിർദേശിക്കുന്നു.

Gireesan P
ചീഫ് എഞ്ചിനീയർ (എച്ച് ആർ ഡി & ജനറൽ) i/c

സ്വീകർത്താവ്

എല്ലാ ഓഫീസ് മേധാവികൾക്കും

പകർപ്പ്:-

ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി

Draft #1 of File 1909/E1/2021/KWA Approved by Chief Engineer (HRD&GL) i/c on 26-Feb-2021 03:02 PM - Page 1

The document is digitally approved. Hence signature is not needed.

| Date | 22/1/2021 |
|---|---|
| M.D. | |
| CE (HRD&GI) | |
| | |
| | |
| | 8 |

കേരള സർക്കാർ

നം.PLGEA-ബി.പി.ഇ.3/2/2021-PLGEA

ആസൂത്രണ സാമ്പത്തികകാര്യ
(ബി.പി.ഇ.) വകുപ്പ്
തിരുവനന്തപുരം, തീയതി : 16/01/2021

**അഡീഷണൽ ചീഫ് സെക്രട്ടറി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
എല്ലാപൊതുമേഖലാ സ്ഥാപനങ്ങളുടേയും

M.D.

സർ,

വിഷയം :- ജീവനക്കാരുടെ കൈക്കൂലി - വിജിലൻസ് നിർദ്ദേശം സംബന്ധിച്ച്

സൂചന:- 02/12/2020-ലെ വിജി-ഇ 3/37/2020-വിജി നമ്പർ സർക്കുലർ

മേൽ വിഷയത്തിലേക്ക് എല്ലാ പൊതുമേഖലാ സ്ഥാപന മേധാവികളുടെയും ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം സൂചനയിലെ സർക്കുലറിന്റെ പകർപ്പ് തുടർനടപടിക്കായി ഇതൊടൊന്നിച്ചയക്കുന്നു.

വിശ്വസ്തതയോടെ,

**പി. ശ്രീകുമാർ,**
**ഡയറക്ടർ,**
ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്.
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

4840067(5)/2020/PLG

Call section

# കേരള സർക്കാർ

നം.വിജി-ഇ 3/237/2020 വിജി

വിജിലൻസ് (ഇ) വകുപ്പ്
തിരുവനന്തപുരം
തീയതി 02/12/2020

## സർക്കുലർ

വിഷയം:- വിജിലൻസ് വകുപ്പ് - സർക്കാർ ജീവനക്കാർ പൊതുജനങ്ങളിൽ നിന്നും സേവനങ്ങൾക്കായി പണമോ, പാരിതോഷികമോ ആവശ്യപ്പെടുന്നത് കുറ്റകരമാണെന്നും അങ്ങനെ ആരെങ്കിലും ആവശ്യപ്പെടുന്നുണ്ടെങ്കിൽ വിജിലൻസിനെ അറിയിക്കണമെന്ന് നിർദ്ദേശിച്ച് കൊണ്ടുള്ള നോട്ടീസ് ബോർഡ് ടോൾഫ്രീ നമ്പറിനോടൊപ്പം സ്ഥാപിക്കണം - നിർദ്ദേശങ്ങൾ വീണ്ടും പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന:-
1) 06.10.1999 തീയതിയിലെ ജി.ഒ.(പി) നം. 89/99/വിജി നമ്പർ സർക്കാർ ഉത്തരവ്
2) 02.08.2014 തീയതിയിലെ സ.ഉ.(സാധാ) നം.134/14/വിജി നമ്പർ സർക്കാർ ഉത്തരവ്
3) 08.07.2015 തീയതിയിലെ 5097/ഇ 3/2015/വിജി നമ്പർ സർക്കുലർ
4) വിജിലൻസ് ഡയറക്ടറുടെ 29.09.2020 തീയതിയിലെ G2-19460/2020/DVACB നമ്പർ കത്ത്

'സർക്കാർ ജീവനക്കാർ പൊതുജനങ്ങളിൽ നിന്നും സേവനങ്ങൾക്കായി പണമോ പാരിതോഷികമോ ആവശ്യപ്പെടുന്നത് കുറ്റകരമാണെന്നും അങ്ങനെ ആരെങ്കിലും ആവശ്യപ്പെടുന്നുണ്ടെങ്കിൽ വിജിലൻസിനെ അറിയിക്കണമെന്നും' നിർദ്ദേശിച്ച് കൊണ്ടുള്ള നോട്ടീസ് ബോർഡ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അഡ്രസ്സും ഫോൺ നമ്പറും സഹിതം പ്രദർശിപ്പിക്കാൻ എല്ലാ സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും സൂചന (1)-ലെ സർക്കാർ ഉത്തരവ് പ്രകാരവും, അഴിമതി സംബന്ധിച്ചുള്ള പരാതി സ്വീകരിക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ പ്രവർത്തനം ആരംഭിച്ച ടോൾഫ്രീ നമ്പരായ '8592900900' എല്ലാ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സൂചന (2)-ലെ സർക്കാർ ഉത്തരവും, സൂചന (3)-ലെ സർക്കുലർ പ്രകാരവും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇപ്പോൾ സംസ്ഥാനത്തെ ഒട്ടുമിക്ക ഓഫീസുകളിലും നോട്ടീസ് ബോർഡ് കാണുന്നില്ലായെന്നും, പലയിടത്തും ജീവനക്കാർ തന്നെ മറച്ചുവെച്ച രീതിയിലും പൊതുജനങ്ങൾക്ക് കാണാത്ത രീതിയിലുമാണെന്നും സൂചന (4) പ്രകാരം വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഈ സാഹചര്യം സർക്കാർ ഗൗരവമായി കാണുകയും എല്ലാ വകുപ്പ് മേധാവികളും അവരുടെ നിയന്ത്രണത്തിലുള്ള സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ മേൽ പരാമർശിത പരസ്യബോർഡ് വിജിലൻസ് ഡയറക്ടറേറ്റിലെ ടോൾഫ്രീ നമ്പർ 1064, 8592900900 എന്നിവയും കൂടി ചേർത്ത് അടിയന്തരമായി പരസ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് വീണ്ടും നിർദ്ദേശിക്കുകയും ചെയ്യുന്നു.

**സഞ്ജയ്. എം. കൗൾ**
**സെക്രട്ടറി**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
(നിയമം ധനകാര്യം ഉൾപ്പെടെ)
എല്ലാ വകുപ്പ് മേധാവികൾക്കും
വിജിലൻസ് ഡയറക്ടർ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസ്. വെബ് ആന്റ് ന്യൂ മീഡിയ. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി